# Deepika

# 30 August 2018

# Kochi; After flood, psychiatrist work



പ്രളയാനന്തരം

## ആത്മധൈര്യം പകരാൻ എൽഎഫിന്റെ 'ആശ്വാസദൂത്-2018'

**അങ്കമാലി:** പ്രളയബാധിതരുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കാനും ആത്മധൈര്യം വീണ്ടെടുക്കാനും സൗജന്യചികിത്സയും സാന്ത്വനവും നൽകാനും ലിറ്റിൽ ഫ്ളവർ ആശുപത്രി ആശ്വാസദൂത്- 2018' എന്ന പേരിൽ ഒരു സൗജന്യ ചികിത്സാ പദ്ധതി പ്രാവർത്തികമാക്കുമെന്ന് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കളപ്പുരക്കൽ അറിയിച്ചു. ഇതിനായി പ്രത്യേക കൗൺസിലിംഗ് ക്ലിനിക് ആശുപത്രിയിൽ പ്രവർത്തനം ആരംഭിച്ചതായും അദ്ദേഹം പറഞ്ഞു.

സൈക്യാട്രിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവർ ഉൾപ്പെടുന്ന സംഘത്തിന്റെ സേവനം 24 മണിക്കൂറും ലഭ്യമാക്കുമെന്നും ഡയറക്ടർ അറിയിച്ചു. ഇവരുടെ സേവനത്തിനായി വിളിക്കേണ്ട നമ്പർ- 9847046627 (ആൽബിൻ), 9207131118 (ലിജോയി). കൗൺസിലിംഗ് സർവീസിന് കൗൺസലിംഗ് സൈക്കോളജിസ്റ്റ് ഫാ. തോമസ് കല്ലൂക്കാരൻ നേതൃത്വം നൽകും. ഫോൺ- 9447921221. ലിറ്റിൽ ഫ്ളവർ ആശുപത്രി പ്രളയബാധിത പ്രദേശങ്ങളിൽ നടത്തുന്ന മെഡിക്കൽ ക്യാമ്പിലൂടെ ഇവരുടെ സേവനം പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. ഈ ക്യാമ്പിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന അർഹരായവർക്ക് സൗജന്യചികിത്സയും ലഭിക്കും.